ശ്രീ. എൻ. കുഞ്ഞുരാമൻ : ഇൻഡ്യാഗവൺമെണ്ടിന്റെ എക്സ്പെർട്ട അങ്ങനെയാണ് അഭിപ്രായപ്പെട്ടത്.

ഗവൺമെണ്ടുവക ഫാക്ടറികൾ

*ന്യ വ്യ ഉ. (എ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടുവകയായി എത്ര ഫാക്ടറികൾ ഉണ്ടെന്നും അവയിലെല്ലാംകൂടി എത്ര ജോലിക്കാരുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ബി) ഗവൺമെണ്ടിൽനിന്നും ഏതെങ്കിലും കമ്പനി പുതുതായി തുടങ്ങണമെന്നോ, വിലയ്ക്കുവാങ്ങണമെന്നോ വിചാരിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ആകെ നാലു ഫാക്ടറികളുണ്ട്. അതിലെല്ലാംകൂടി ഏ ഏ ര ര ജോലിക്കാരുണ്ട്.

(ബി) ഇല്ല. പുതിയ കമ്പനികൾ തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. പുതിയ ഫാക്ടറികൾ തുടങ്ങുന്നതിനുള്ള അനുവാദത്തിനു് അപേക്ഷിച്ചിട്ടുണ്ട്. അതു് ആലോചനയിലിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവൺമെണ്ടിനു് പ്രത്യേകം എത്ര ഫാക്ടറികളുണ്ട്?

ശ്രീ. എൻ. കുഞ്ഞുരാമൻ : നാലു ഫാക്ടറികളുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇവ വിലയ്ക്കു വാങ്ങിച്ചതോ, സ്ഥാപിച്ചതോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : വിലയ്ക്കു വാങ്ങിച്ചതുമുണ്ട്, സ്ഥാപിച്ചതുമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഏതെല്ലാം വിലയ്ക്കു വാങ്ങിച്ചു? ഏതെല്ലാം സ്ഥാപിച്ചു?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനു് നോട്ടീസുവേണം.

എക്സൈസിൽ പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

*ന്യ വ്യ ഉ. (വ) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫെർ൪ൻ ഡിസംബർ അവസാനംവരെ എക്സൈസ് വകുപ്പിൽ പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക സംഖ്യ എത്ര ;

(ബി) അതിൽ ഏതെങ്കിലും സംഖ്യ പിരിഞ്ഞു കിട്ടാത്തതായി എഴുതിക്കുറച്ചിട്ടുണ്ടോ ;

(സി) എഴുതി കുറയ്ക്കാൻ ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ൫ ൦,൯൫,൯ ൫൯ രൂ. ൨ ണ.

(ബി) ഉണ്ടു്, ൫,൦൨൫,൯൫൫ രൂ. ൭ പൈ.

(സി) ഉണ്ടു്, ൨ ൦,൯൯൨ രൂ. ൫ ൦ ണ. ൨ പൈസ.

ശ്രീ. പി. നാണു : ബാക്കിയുള്ള തുക കിട്ടുകയില്ലെന്നാണോ ഗവൺമെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതെ.

ശ്രീ. പി. നാണു : ഇത്രയും തുക എഴുതി കുറയ്ക്കുവാനുള്ള കാരണമെന്താണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : യാതൊരുവിധത്തിലും ഈടാക്കാൻ നിവൃത്തിയില്ലെന്നു് കണ്ടതുകൊണ്ടു്.

ശ്രീ. പി. നാണു : ഇങ്ങനെ തുക ഈടാക്കാൻ നിവൃത്തിയില്ലാത്തവിധം ഇടപാടുകൾ നടത്തിയതിന്റെ ഉത്തരവാദികൾ ആരാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ : ദേശകാലപരിതസ്ഥിതികളാണ് ഈ തുക ഈടാകാതെ വന്നതിനുള്ള പ്രധാന കാരണം. ക ാ ൈ-നുശേഷം ഉണ്ടായ കൺട്രാക്ട്കരും സാമ്പത്തി കാധിപ്രതനം നിമിത്തം വലിയ നഷ്ടത്തിലാണ് കലാശിച്ചുത്. ആ സാമ്പത്തികക്കഴപ്പം പണം ഈടാക്കുന്ന കാര്യത്തിലും വളരെ കഴപ്പുണ്ടാക്കി വരുത്തി.

ശ്രീ. പി. നാണു : എന്റെ ചോദ്യം അതല്ല. ഈ ഇടപാടുവരുത്താൻ കാരണക്കാരായ ഉദ്യോഗസ്ഥന്മാർ ആരാണെന്നാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതാതുകാലത്തിലിരുന്ന ഉദ്യോഗസ്ഥന്മാരാണ്.

ശ്രീ. പി. നാണു . അവരുടെ പക്കൽനിന്ന് ഈ തുക ഈടാക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. എൻ കുഞ്ഞുരാമൻ : ഇല്ല. ഇതു് ഉദ്യോഗസ്ഥന്മാരുടെ കുറ്റംകൊണ്ടുവന്ന നഷ്ടമല്ല. ഷാപ്പുകൾ ലേലംചെയ്യാണ് കൊടുക്കുന്നത്. ലേലംചെയ്തുകൊടുക്കുമ്പോൾ പിടിക്കുന്ന ആളിന്റെ കരംതിരുവയും മറ്റും ശരിയായി അറിഞ്ഞുകൊണ്ടുകയില്ല. സാമാന്യമായ ഒരു നോട്ടംനോക്കി ലേലം സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നത്. അങ്ങനെ നോക്കുമ്പോൾ ചില കാലങ്ങളിൽ ഈ തുക ഈടാക്കാൻ ഒക്കാതെവരും.

ശ്രീ. പി. നാണു : എന്നാലും ഇതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ഗവണ്മെണ്ടിനു് ഇത്രയും തുക നഷ്ടപ്പെടുത്തിയതിൽ ഉത്തരവാദികളല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അല്ല.

ശ്രീ. പി. നാണു : എന്തുകൊണ്ടല്ല?

Mr. Speaker : That is a matter of legal opinion.

ശ്രീ. എം. ഐ. പോൾ : സംയോജനത്തിനുമുൻപ് കൊച്ചിഗവണ്മെണ്ടിന്റെ എക്സൈസ് ഡിപ്പാർട്ടുമെണ്ടിലേക്ക് ഏതെങ്കിലും തുക ഈടാക്കാനുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അവിടെനിന്നുമാണ് വളരെയധികം ഈടാകാനുള്ളതു്.

ശ്രീ. എം. ഐ. പോൾ : ക ാ ന്ന-ലും, ക ാ ൈ-ലും വന്നിട്ടുള്ള കലാൽകടിശീഖയുംപ്പെടെയുള്ള തുകയാണോ ഇപ്പോൾ കണക്കിൽ കാണിച്ചുത്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഏതുകൊല്ലത്തെയാണെന്നു് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. എം. ഐ. പോൾ : കൊച്ചിയിൽനിന്നും എത്ര തുക ഈടാകാനുണ്ടെന്നാണ് പറയുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഏകദേശം ഒ ൽ ലക്ഷത്തോളം രൂപവരും.

ശ്രീ. എം. ഐ. പോൾ : ഏതെല്ലാം ഇനങ്ങളിൽനിന്നാണ് ഇത്രയും തുക കുടിശീഖയായി വന്നിട്ടുള്ളതെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിന്റെ ഡീറ്റെയിൽസു് ഇപ്പോൾ കൈവശമില്ല.

Sahib Bahadur A. Abdul Razaak : Was it because of the appalling pressure brought upon the contractor?

ശ്രീ. എൻ. കുഞ്ഞുരാമൻ : എന്നു പറയാൻ നിവർത്തിയില്ല. ചില കാലങ്ങളിൽ കൂടുതൽ തുകയ്ക്കു പിടിച്ചേക്കും. ചില കാലങ്ങളിൽ കൺട്രാക്ടർമാർക്കു് ആ തുക കൊടുത്തുതീർക്കുവാൻ നിവ്വാഹമില്ലാത്ത പരിതസ്ഥിതിയുംവരും.

ശ്രീ. എ. കെ. പാച്ചുപിള്ള : ഈ തുക മുഴുവൻ അടച്ചുതീർത്തുകൊള്ളാമെന്നുള്ളതിലേക്കു് കൺട്രാക്ടർമാരിൽനിന്നും ഗാരൻറി വാങ്ങുകയില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗാരൻറി വാങ്ങുന്ന പതിവില്ല. എങ്കിലും ആകെക്കൂടി അവർക്കു് ഈ ഇടപാടു് നടത്തിക്കൊണ്ടുപോകുവാനുള്ള കഴിവുണ്ടോ എന്നു നോക്കും.

ശ്രീ. കെ. ആർ. ഇലങ്കത്തു് : കൺട്രാക്ടു് കൊടുക്കുന്നതിനുമുൻപു് ഈ തുക ശരിയായി അടച്ചുതീർക്കുവാനുള്ള കെല്പുണ്ടോ എന്നു പരിശോധിച്ചറിഞ്ഞതിനുശേഷമല്ലേ കൺട്രാക്ടു് കൊടുക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതെ. പക്ഷെ, അനിയന്ത്രിതമായ പരിതസ്ഥിതികളും നിമിത്തം, ചിലപ്പോൾ കൺട്രാക്ടർക്കു് തുക മുഴുവനും അടച്ചുതീർക്കുവാൻ സാദ്ധ്യമല്ലാതെ വന്നേക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോഠംതന്നെ കടിശ്ശികയിനത്തിൽ ഭീമമായ നഷ്ടം ഗവമ്മെണ്ടിനു് വന്നിരിക്കുന്നതുകൊണ്ടു് മേലാലെങ്കിലും കൺട്രാക്ടർമാരോടു് ഗാരൻറി വാങ്ങിക്കണമെന്നുള്ള വിചാരം ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണു്.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും

*നൂറ്റമ്പത് (൧൫൦) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ?

ജൂഡീഷ്യറിയെ, എക്സിക്യൂട്ടീവിൽ നിന്നും വേർപെടുത്താൻ എന്തെങ്കിലും നടപടി ഗവമ്മെണ്ടു് ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിനു് ഞാൻ മുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. നാണു : എനിക്കു് ഒരു ഉപചോദ്യമേയുള്ളൂ. ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വേർ തിരിക്കുന്നതിനുള്ള സ്കീം ഇതുവരെ കൊണ്ടുവരാതിരിക്കുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു നടപ്പാക്കാനാലോചിക്കുന്നുണ്ടു്.

ശ്രീ. പി. നാണു : എപ്പോഴാണു് നടപ്പാക്കാൻ പോകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : സമയം കൃത്യമായി പറയാൻ നിവൃത്തിയില്ല.

കടികിടപ്പുകാരുടെ റജിസ്ട്രേഷൻ

*നൂറ്റി൯ (൧൫൯) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടവക അധികൃതരുടെ വസ്തുക്കളിൽ കുടികിടക്കുന്നവർ കുടികിടപ്പു റജിസ്റ്റർ ചെയ്യാൻ എവിടെയാണു് അപേക്ഷിക്കേണ്ടതു്;

(ബി) അപേക്ഷ വാങ്ങുന്ന ഉദ്യോഗസ്ഥൻ, അപേക്ഷ എഴുതിരിക്കുന്ന എന്ന സംഗതിക്കു് അപേക്ഷകനു രസീതികൊടുക്കണമെന്നു് വ്യവസ്ഥചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : (എ) അതാതു പകൃതികച്ചേരികളിൽ.

(ബി) പ്രത്യേകമായി നിർദ്ദേശം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു് ഗവമ്മെണ്ടിനു തോന്നിയിരുന്നില്ല.

ശ്രീ. പി. നാണു : ഇടവക പകൃതികച്ചേരികളിൽ ഗവമ്മെണ്ടിനു് കാര്യമില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു മെമ്പർക്കുതന്നെ അറിവുള്ളതാണല്ലോ.

ശ്രീ. പി. നാണു : ഇടവകയിലെ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടു് ജീവനക്കാരാണോ? ഇടവക ജീവനക്കാരുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവർ ഇടവക ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. പി. നാണു : ഇടവക ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ എന്തെങ്കിലും ഹർജിയോ മറ്റോ കൊടുക്കുകയാണെങ്കിൽ അവർ അതു മാറിക്കളയുന്നതായിട്ടു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ അങ്ങനെ പരാതി ഉണ്ടായിട്ടില്ല. അങ്ങനെ വരുന്ന സമയത്തു് ആലോചിക്കാവുന്നതാണു്.

ശ്രീ. പി. നാണു : ഇടവകയിലേക്കു് കൊടുക്കുന്ന ഹർജികളെപ്പറ്റി അന്വേഷിക്കുന്നതാരാണു്.

ശ്രീ. ടി. കെ. നാരായണപിള്ള : ഇടവകയിലെ പാവ്വത്യക്കാരന്മാരാണു്.

ശ്രീ. പി. നാണു : ഇടവകയെ സംബന്ധിച്ചു കൊടുക്കുന്ന ഹർജികൾ ഇടവകക്കു്

LIBRARY ARCHIVES Kerala Legislative Assembly